Page 1 of 2

(സി) മത്സ്യത്തൊളിലാളികൾക്കുള്ള പഞ്ചമാസ സമാശ്വാസ പദ്ധതിയിൽ അടച്ച തുക നൽകിയിട്ടില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഡി) ഉണ്ടെങ്കിൽ തുക ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സമ്പാദ്യ സമാശ്വാസപദ്ധതി പ്രകാരം 2021 മെയ്, ജൂൺ മാസങ്ങളിലായി കടലോര മത്സ്യത്തൊഴിലാളികൾക്ക് ഒന്നാംഗഡു ഗ്രണഭോക്തൃ വിഹിതവും രണ്ടാംഗഡു സംസ്ഥാന വിഹിതവും അനുവദിച്ചുനൽകിയിട്ടുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഒന്നാം ഗഡു ഗ്രണഭോക്തൃ വിഹിതം ജൂലൈ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുള്ള രണ്ടാംഗഡു സംസ്ഥാന വിഹിതം ആഗസ്റ്റ് മാസത്തിൽ വിതരണം ചെയ്യുന്നതാണ്. കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാന ഫണ്ടിൽനിന്നും മൂന്നാം ഗഡു നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

തീരദേശത്തെ പശ്ചാത്തല സൗകര്യ വികസനം

261(2298) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തെ പശ്ചാത്തല സൗകര്യവികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; പദ്ധതികളെക്കുറിച്ച് വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാർ, നബാർഡ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, കിഫ്ബി എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് തീരദേശ പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കൽ എന്നിവയാണ് പ്രധാന പദ്ധതികൾ. 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ടി പദ്ധതികളിൽ ഉൾപ്പെടുത്തി വ്യക്തിഗത ഫ്ളാറ്റുകൾ, വിദ്യാഭ്യാസ ആരോഗ്യ സ്ഥാപനങ്ങൾ, മത്സ്യമാർക്കറ്റുകൾ, ഫിഷറീസ് ഫാമുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ മുതലായ പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

തീരദേശത്ത് വേലിയേറ്റരേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ പുനരധിവസിപ്പിക്കാനായി പുനർഗേഹം പദ്ധതി നടപ്പിലാക്കിവരുന്നു. മേൽ പദ്ധതിക്ക് 2450 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ഇതിൽ 1,398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നുമാണ് കണ്ടെത്തുന്നത്. ജില്ലാതല അപ്പീൽ കമ്മിറ്റി അംഗീകരിച്ച 10307 ഗുണഭോക്താക്കളിൽ 7692 പേർ മാറി താമസിക്കാൻ സമ്മതം അറിയിച്ചിട്ടുള്ളതും ഇതിൽ 2129 പേരുടെ ഭൂമി വില അംഗീകരിച്ചിട്ടുള്ളതുമാണ്. 1596 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 1109 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 368 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി നിർമ്മാണ പൂർത്തീകരണം അന്തിമ ഘട്ടത്തിലെത്തിയതും നിർമ്മാണ പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്നതും ഭരണാനുമതി ലഭിച്ച് നിർമ്മാണം നടക്കുന്ന ഫ്ളാറ്റ് സമുച്ചയങ്ങളിലേയ്ക്കുമായി 1174 ഗുണഭോക്താക്കളെക്കൂടി പുനർഗേഹം പദ്ധതി പ്രകാരം പുനരധിവസിപ്പിക്കാൻ സാധിക്കും.

(സി) പ്രകൃതിക്ഷോഭത്തിൽ വീടും മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഫിഷറീസ് വകുപ്പ് ശേഖരിച്ച പ്രാഥമിക കണക്കുകൾ പ്രകാരം ടൗട്ടെ ചുഴലിക്കാറ്റിലും കടൽക്ഷോഭത്തിലും 186 വീടുകൾ പൂർണ്ണമായും 2432 വീടുകൾ ഭാഗികമായും തകർന്നു. വീടുകൾ നഷ്ടപ്പെട്ടവർക്ക് റവന്യൂ വകുപ്പ് മുഖേനയാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്. മത്സ്യബന്ധന ഉപകരണങ്ങളുടെയും മത്സ്യകൃഷി ഫാമുകളുടെയും നഷ്ടം SDRF മാനദണ്ഡ പ്രകാരം കണക്കാക്കി 140.90 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി ദുരന്തനിവാരണ വകുപ്പിന് നൽകിയിട്ടുണ്ട്.